**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1671** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ റീസർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഡിജിറ്റൽ റീസർവേ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത സർവേ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവ്വേ പൂർത്തിയായിട്ടുള്ളതും, പുരോഗതിയിലുള്ളതുമായ വില്ലേജുകൾ ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ നാലു വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള 858 കോടി രൂപയുടെ ബൃഹത് പദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത് . റീബിൾഡ് കേരള ഇൻഷ്യേറ്റീവിൽ ഉൾപ്പെടുത്തി 438.46 കോടി രൂപ ആദ്യ ഘട്ടത്തിനായി അനുവദിച്ചിട്ടുള്ളതുമാണ്. 2022 നവംബർ 1 ന് സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുള്ള "1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ" പദ്ധതിക്ക് തുടക്കമായിട്ടുണ്ട്.ഡിജിറ്റൽ സർവ്വെ പദ്ധതിയിൽ പൊതുജന പങ്കാളിത്തം അത്യന്താപേക്ഷിതമായതിനാൽ സർവ്വെ സംബന്ധിച്ച നടപടികൾ നേരിട്ട് ഓരോ വസ്തു ഉടമസ്ഥനെയും ബോധവൽക്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമ സഭകളായി വാർഡ തലങ്ങളിൽ സർവ്വെ സഭകൾ കൂടി ഭൂവുടമസ്ഥർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകി വരുന്നു. പ്രസ്തുത നടപടി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ ആകെയുള്ള 2476 വാർഡുകളിൽ 2445 വാർഡുകളിൽ പൂർത്തിയായിട്ടുള്ളതും, 11052 ബ്ലോക്ക് ഫോർമേഷൻ ജോലികളും, ആദ്യഘട്ടത്തിലെ തെരഞ്ഞെടുത്ത 200 വില്ലേജുകളുടെ റിക്കാർഡ് കളക്ഷൻ,സ്കാനിംഗ്, Metadata Uploading എന്നിവ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ഡിജിറ്റൽ റീസർവ്വേ പദ്ധതിയുടെ ആദ്യ ഘട്ട സർവ്വേയ്ക്കായി തിരഞ്ഞെടുത്ത 200 വില്ലേജുകളിൽ എല്ലാ മുൻ |

| | | | |
|---|---|---|---|
| | | | സർവ്വേ റെക്കോർഡുകളുടെയും സ്കാനിംഗ് ജോലി പൂർത്തീകരിച്ചിട്ടുണ്ട് .ഫീൽഡ് സർവ്വേയിൽ ഏർപ്പെട്ടിരിക്കുന്ന സർവ്വേയർമാർക്കു എളുപ്പത്തിൽ അക്സസ്സ് ചെയ്യുന്നതിനായി ബന്ധപ്പെട്ട എല്ലാ രേഖകളും ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിനു സജ്ജീകരിച്ചിട്ടുള്ള എന്റെ ഭൂമി പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് 1966-ൽ ആരംഭിച്ച റീസർവേ നടപടികൾ പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; ഡിജിറ്റൽ സർവേ നടപടികൾ പൂർത്തിയാക്കുന്നതിലൂടെ എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് ലഭ്യമാവുകയെന്നറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്ത് 1966 ൽ ആരംഭിച്ച റീസർവ്വെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രധാന തടസ്സം ജീവനക്കാരുടെയും, സർവ്വെ ഉപകരണങ്ങളുടെയും വേഗതയേറിയ സാങ്കേതിക സാങ്കേതങ്ങളുടെയും കുറവാണ്. ഡിജിറ്റൽ സർവ്വെ പദ്ധതിയിൽ ഇതിനു പരിഹാരമായി 1500 സർവ്വെയർമാരെയും 3200 ഹെൽപ്പർമാരെയും എംപ്ലോയ്മെന്റ് മുഖേന കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനും, ആധുനിക സർവ്വെ ഉപകരണങ്ങളായ Continuously Operating Reference Stations (CORS), Real Time Kinematic Rover (RTK), Robotic Electronic Toatal Station (R-ETS), Tablet PC എന്നിവ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.CORS ന്റെ 28 സ്റ്റേഷനുകൾ സ്ഥാപിച്ചു കഴിഞ്ഞു. മാനവശേഷിയും സർവ്വേ ഉപകാരണങ്ങളും ലഭ്യമാക്കി നാലു വർഷത്തിനകം സംസ്ഥാനത്തിന്റെ ഡിജിറ്റൽ സർവ്വേ നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.ആധികാരികവും കാലഹരണപ്പെടാത്തതുമായ സർവ്വേ റെക്കോർഡുകൾ എല്ലാ ഭൂവുടമകൾക്കും ലഭ്യമാക്കുക ,ഭൂരേഖകളെല്ലാം പൂർണമായും ഐ.ടി അധിഷ്ഠിത സേവനമായി രൂപപ്പെടുത്തുന്നതിലൂടെ സംസ്ഥാനത്തിന്റെ വികസന കുതിപ്പുകൾക്കു വിപ്ലവകരമായ രീതിയിൽ ആക്കം കൂട്ടുക, സർവ്വെ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂസംബന്ധമായ സേവനങ്ങൾ ഒരു ഏകജാലക ഓൺലൈൻ സംവിധാനത്തിലൂടെ ജനങ്ങളിലേക്ക് എത്തിക്കുക. ദുരന്ത നിവാരണ വകുപ്പ് ഉൾപ്പെടെ വിവിധ ഏജൻസികൾക്ക് ഡിജിറ്റൽ മാപ്പ് അടിസ്ഥാന രേഖയായി ലഭ്യമാക്കുക, സർവ്വെ സ്കെച്ച് ഉൾപ്പെടെ പോക്കുവരവ് രേഖ സാധ്യമാക്കുക എന്നിവയാണ് ഡിജിറ്റൽ സർവ്വെയിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. ഡിജിറ്റൽ സർവ്വെയിലൂടെ സംസ്ഥാനത്തിന്റെ ഒട്ടാകെയുള്ള GIS (Geographic Information System) മാപ്പ് തയ്യാറാക്കുന്നതിലൂടെ Land Use Board, സംസ്ഥാന ദുരന്ത നിവാരണ വകുപ്പ്, കൃഷി വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ് തുടങ്ങിയ വകുപ്പുകൾക്കും |

| | | | |
|---|---|---|---|
| | | | ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ, ഏകോപനം എന്നിവ കൈകാര്യം ചെയ്യുന്ന വിവിധ ഏജൻസികൾക്കും ടി റിക്കാർഡുകൾ പ്രയോജനപ്പെടുന്നതാണ്. ഇപ്രകാരം ഇതൊരു അടിസ്ഥാന രേഖയായി കണക്കാക്കി മറ്റു വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. കൂടാതെ പോർട്ടൽ മുഖാന്തിരം ആധികാരിക രേഖയായി സർവ്വെ മാപ്പുകൾ ലഭ്യമാകുന്നതുമാണ് |

സെക്ഷൻ ഓഫീസർ